കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# അമ്പലപ്പുഴ ബ്ളോക്ക്പഞ്ചായത്ത്

# 2014-15,2015-2016

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-272/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688 011

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 15.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ളോക്ക്പഞ്ചായത്ത്- 2014-15, 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ളോക്ക്പഞ്ചായത്തിന്റ- 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-272/17 തീയ്യതി: 15.03.2017

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്ത്

**2014-15, 2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.2014 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ.അശോകൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.02.2017 മുതൽ 28.02.17 വരെ | രാജീവ്.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),<br>ജ്യോതിമോൻ.സി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>പ്രവീൺ ഷേണായ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

**1)** പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. ബി.സുലേഖ | 01-04-2014 മുതൽ<br>31-10-2015 വരെ |
| 2 | ശ്രീ. പ്രജിത്ത് കാരിക്കൽ | 01-11-2015 മുതൽ31-03-2016 വരെ. |

**2)** <u>സെക്രട്ടറി</u>

| | | |
|---|---|---|
| 1. | ഉപേന്ദ്ര ഷേണായ് | 1-4-2014മുതൽ 05-02-2015വരെ |
| 2. | ശ്രീ. ആർ. വേണുഗോപാൽ | 06-02-2015 -മുതൽ 11-02-2016 വരെ |
| 3 | ശ്രീ. അജയൻ ഡി.ബാബു | 12-02-2016 മുതൽ 31-03-2016 വരെ |

**3)** <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | | |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ലത മേരി ജോർജ്ജ് | 01.04.2014 മുതൽ<br>31.03.2016 വരെ |
| 2 | സീനിയർ വെറ്ററിനറി സർജൻ | ഡോ.പി.സി.സുനിൽ കുമാർ | 1-4-2014 മുതൽ<br>21.12.2014 വരെ |
| | ,, | ഡോ. രേഖ സാഗർ | 22.12.2014 മുതൽ<br>20.01.2015വരെ |
| | ,, | ഡോ. സന്തോഷ് കുമാർ | 21-01-2015 മുതൽ<br>30-03-2015 വരെ |
| | ,, | ഡോ.ജ്യോതിമോൾ | 01-04-2015 മുതൽ<br>21-05-2015 വരെ |

| | | | |
|---|---|---|---|
| | ,, | ഡോ.പുഷ്പലത (ഫുൾ അഡീഷണൽ ചാർജ്ജ്) | 22-05-2015 മുതൽ<br>31-05-2015 വരെ |
| | ,, | ഡോ.സന്തോഷ് കുമാർ | 01-06-2015 മുതൽ<br>31-03-2016 വരെ |
| 3 | സി.ഡി.പി.ഒ | ശ്രീമതി. വിജയമ്മ (സൂപ്പർവൈസർ ഇൻ ചാർജ് ഓഫ് സി.ഡി.പി.ഒ) | 01.04.2014 മുതൽ<br>20.07.2014 വരെ |
| | ,, | സുഭദ്രകുമാരി. സി.എസ്സ് | 21-07-2014 മുതൽ<br>31-03-2016 വരെ |
| 4 | അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ | ഡോ.കാർത്തിക. എം | 01.04.2014 മുതൽ<br>31.03.2015 വരെ |
| | ,, | ഡോ. രശ്മി രാമചന്ദ്രൻ | 01-04-2015 മുതൽ<br>31-03-2016 വരെ |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. പെന്റാലിയോൺ | 01.04.2014 മുതൽ<br>18.06.2015 വരെ |
| | ,, | ശ്രീ.എം.റ്റി.ശിവൻകുട്ടി | 19-06-2015 മുതൽ<br>10-09-2015 വരെ |

| | | | |
|---|---|---|---|
| | | | |
| | ,, | ശ്രീ.എൻ.എൻ.അനിൽകുമാർ | 10-09-2015 മുതൽ<br>13-12-2015 വരെ |
| | ,, | ശ്രീമതി. സ്മിത. എസ്സ് | 14-12-2015 മുതൽ<br>15-12-2015 വരെ |
| | " | ശ്രീ.എൻ.എൻ. അനിൽകുമാർ | 16-12-2015 മുതൽ<br>30-01-2016 വരെ |
| | ,, | ശ്രീ.എസ്.അപ്പൻ | 31-01-2016 മുതൽ<br>03-03-2016 വരെ |
| | ,, | ശ്രീ. അബ്ദുൾ റഹീം. എ | 04-03-2016 മുതൽ<br>31-03-2016 വരെ |
| 6 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.വിജി രാജ് | 01.04.2014 മുതൽ<br>31.03.2016 വരെ |
| 7 | എസ്സ്.സി.ഡി.ഒ | ശ്രീ.കെ.കെ.പ്രസാദ് | 01.04.2014 മുതൽ<br>31.03.2016 വരെ |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അക്ബർഷാ.യു | 01.04.2014 മുതൽ<br>31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-9 |
| | ഭാഗം **2** | |
| 2 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ. | 2-1 |
| 3 | ടെണ്ടർ ഫീസ് ട്രാൻസ്ഫർ ചെയ്ത് വാങ്ങുന്നില്ല | 2-2 |
| | ഭാഗം **3** | |
| 4 | പ്രീ മെട്രിക്ക് ഹോസ്റ്റൽ– ദൈനംദിന ചെലവ്-പാചക വാതകം-സർവ്വീസ് ചാർജ്ജ് ഇനത്തിൽ അധിക ചെലവ്. | 3-1 |
| 5 | പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക വിനിയോഗിക്കാതെ ഡി.ഡി ആക്കി കൈവശം സൂക്ഷിച്ചിരിക്കുന്നു. | 3-2 |
| 6 | ടാറിംഗ് വേലകൾ– കാലി വീപ്പയുടെ വില ഈടാക്കിയില്ല. | 3-3 |
| | ഭാഗം **4** | |
| 7 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 28.02.2014-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും 2015-16 വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

2014-15

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 297481717 | 297481717 |
| വാർഷിക കണക്കുപ്രകാരം | 88679530 | 89786137 |

2015-16

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 253634900 | 253634900 |
| വാർഷിക കണക്കുപ്രകാരം | 97185400 | 93253350 |

ബഡ്ജറ്റ്പ്രകാരമുള്ള വരവ്-ചെലവുകൾ യഥാർത്ഥ വരവു ചെലവുകളുമായി വളരെ അന്തരം പുലർത്തുന്നു. യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**1-2** വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2014-15 | 31.7.15 | 10.06.15 | ഇല്ല | -- |
| 2015-16 | 31.07.16 | 28.07.16 | ഇല്ല | ഇല്ല |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**1-4** സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 31602023 |
| വരവ് | 88679530 |
| ആകെ | 120281553 |
| ചെലവ് | 89786137 |
| നീക്കിയിരിപ്പ് | 30495416 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 30495416 |
| വരവ് | 97185400 |
| ആകെ | 127680816 |
| ചെലവ് | 93253350 |
| നീക്കിയിരിപ്പ് | 34427466 |

**1-5** ഫണ്ട് വിനിയോഗം

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2907714 | 21781000 | 24688714 | 24411002 | 277712 | 98.88% |
| വികസനഫണ്ട് എസ്.സി.പി. | 1364423 | 3582000 | 4946423 | 4397219 | 549204 | 88.90% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 186000 | 186000 | 186000 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4108810 | 4108810 | 3452444 | 656366 | 84.02% |
| ബി ഫണ്ട് | | 286474 | 286474 | 286474 | 0 | 100% |

**2015-16**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 277712 | 20380014 | 20657726 | 20657726 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 549204 | 3209379 | 3758583 | 3758583 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 00 | 186000 | 186000 | 186000 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 656366 | 1337580 | 1993946 | 1993946 | 0 | 100% |
| ബി ഫണ്ട് | 00 | 00 | 00 | 00 | 00 | 00 |

**1-6**പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 67 | 23814514 | 58 | 28987598 | -- | 9 | 86.56% |

2015-16

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 49 | 26375916 | 33 | 24602309 | 7 | 9 | 81.63% |

**1-7** ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം രേഖപ്പെടുത്തുന്നതിനാവശ്യമായ വാടക, ഡെപ്പോസിറ്റ്, ലേല രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**1-8** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.11.2015 | 2014-15 | 5.9.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.10.2016 | 2013-14 – 2015-16 | 23.11.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രതിമാസ വാടക അടിസ്ഥാനത്തിൽ വനിതാ കാന്റീൻ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതിന്റെ വിവരങ്ങൾ പരിശോധിക്കുവാനുതകുന്ന വാടക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അതുപോലെ ഡെപ്പോസിറ്റ് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. വരവിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## **2-2** ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമായ തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല

2015-16 ൽ നടപ്പിലാക്കിയ മരാമത്ത് വേലകൾ ഇ-ടെണ്ടർ ചെയ്തതിൽ, ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കുന്നത്. ആയത് പിന്നീട് ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വാങ്ങേണ്ടതാണ്. എന്നാൽ തൻവർഷം ഇപ്രകാരം ടെണ്ടർ ഫീസ് ട്രാൻസ്ഫർ ചെയ്ത് വാങ്ങിയിട്ടില്ല. ആയത് എത്രയുംവേഗം ട്രാൻസ്ഫർ ചെയ്ത് വാങ്ങേണ്ടതും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** പ്രീ മെട്രിക്ക് ഹോസ്റ്റൽ- ദൈനംദിന ചെലവ്-പാചക വാതകം- സർവ്വീസ് ചാർജ്ജ് ഇനത്തിൽ അധിക ചെലവ്.

2014-15, 15-16 എന്നീ വർഷങ്ങളിലായി യഥാക്രമം പ്രോജക്ട് നമ്പർ 16/15, 12/16 എന്നിവ പ്രകാരം പ്രീ മെട്രിക്ക് ഹോസ്റ്റൽ- ദൈനംദിന ചെലവുകൾക്കായി 592337രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പാചക വാതകം സപ്ലൈ ചെയ്തതിനുള്ള സർവ്വീസ് ചാർജ്ജിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. അമ്പലപ്പുഴ കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്ന ഗ്യാസ് ഏജൻസിയിൽ നിന്നും 4 കിലോമീറ്റർ പോലും അകലത്തിലല്ലാത്ത പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് പാചക വാതകം എത്തിച്ചതിന് സർവ്വീസ് ചാർജ്ജ് നൽകിയത് അനുവദനീയമല്ല. ആലപ്പുഴ ജില്ലാ കളക്ടറുടെ 25.2.2014ലെ സി.എസ് 8-3408/10നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ 5കിലോ മീറ്റർ ചുറ്റളവിനുള്ളിൽ പാചക വാതകം സർവ്വീസ് ചാർജ്ജില്ലാതെ സൗജന്യ വിതരണ മേഖലയാണ്. എന്നാൽ ടി ഉത്തരവിന് വിരുദ്ധമായി പ്രീമെട്രിക്ക് ഹോസ്റ്റലിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം/ തിയതി | തുക | സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ തുക |
|---|---|---|---|
| 1 | 1/14-15/12.8.14 | 43870 | 300 |
| 2 | 2/14-15/29.8.14 | 49130 | 120 |
| 3 | 3/14-15/30.9.14 | 91839 | 120 |
| ആകെ | | | 540 |

2015-16

| | | | |
|---|---|---|---|
| 1 | 1/15-16/30.6.15 | 42253 | 150 |
| 2 | 2/15-16/31.7.15 | 59366 | 350 |
| 3 | 4/15-16/23.9.15 | 188989 | 100 |
| 4 | 5/15-16/27.10.15 | 78374 | 100 |
| 5 | 6/15-16/14.12.15 | 54732 | 100 |
| 6 | 7/15-16/14.1.16 | 54732 | 100 |
| 7 | 8/15-16/15.2.16 | 42254 | 200 |
| 8 | 9/15-16/29.2.16 | 46673 | 250 |

| | | | |
|---|---|---|---|
| 9 | 11/15-16/15.3.16 | 44692 | 150 |
| 10 | 16/15-16/30.3.16 | 31202 | 200 |
| ആകെ | | | 1800 |

മേൽ സൂചിപ്പിച്ച വിധം പാചക വാതക വിതരണ സർവ്വീസ് ചാർജ്ജിനത്തിൽ ആകെ അധികം നൽകിയ 2340 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി.ഡെവലപ്മെന്റ് ഓഫീസറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക വിനിയോഗിക്കാതെ ഡി.ഡി ആക്കി കൈവശം സൂക്ഷിച്ചിരിക്കുന്നു.

പ്രോജക്ട്- 53/15, അടങ്കൽ -300000.00, അളവ് പുസ്തകം- 7/14-15

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 16.2.2015ൽ ഒപ്പുവെച്ച കരാർ (20/AE/ABP/14-15) അനുസരിച്ച് 2kw സോളാർ പാനൽ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചതിന് ടി സ്ഥാപനത്തിന്റെ 26.12.14ലെ ഇൻവോയ്സ് നമ്പർ 307ന്റെ അടിസ്ഥാനത്തിൽ 300000.00രൂപ ബിൽ നമ്പർ 13/14-15/ 28.2.2015 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആയതിൽ 2830രൂപ വരുമാന നികുതി കഴിച്ച് 297170 രൂപ ടി സ്ഥാപനത്തിന് നൽകുന്നതിനായി ഡി.ഡി. (005021/2.3.2015) ആക്കിയിട്ടുണ്ടെങ്കിലും ടി സ്ഥാപനത്തിന് ഡി.ഡി. നൽകിയതിന്റേയോ/ഡി.ഡികൈപ്പറ്റിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3 ന് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ടി സ്ഥാപനം ഡി.ഡി കൈപ്പറ്റിയിട്ടില്ലെന്നും ഇപ്പോഴും കൈവശം സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പിൻവലിക്കുന്ന തുക പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചില്ലെങ്കിൽ 30ദിവസത്തിനകം തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നത് ക്രമ വിരുദ്ധമായ നടപടിയാണ്. തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ടാറിംഗ് വേലകൾ- കാലി വീപ്പയുടെ വില ഈടാക്കിയില്ല.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം നടപ്പിലാക്കിയ ടാറിംഗ് വേലകളിൽ, ടാർ ഉൾപ്പെടുന്ന ഇനങ്ങളിൽ ഉപയോഗിച്ച ടാറിന് ഡി.എസ്.ആർ പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരൻ കാലി വീപ്പ തിരികെ ഏൽപ്പിക്കാത്തപക്ഷം വീപ്പയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്-പേര്, നമ്പർ | കരാറുകാരൻ, അളവ് പുസ്തകം നമ്പർ | ഇനങ്ങൾ, ആകെ ടാർ ചെയ്ത പ്രതലം | ആവശ്യമായ ടാർ@ 3.17kg/$m^2$, ആകെ മൂല്യം | ഈടാക്കേണ്ട തുക @ 250/ബാരൽ | ബിൽ നമ്പർ, തിയതി, തുക |
|---|---|---|---|---|---|---|
| 1 | പുറക്കാട് ഗ്രാമ പഞ്ചായത്ത്- നാലുചിറ ഗവ. എച്ച്.എസ്സ് റോഡിന്റെ മെറ്റലിംഗും ടാറിംഗും., പ്രോജക്ട്- 24/16 | ശ്രീ.ബൈജു.വി 5/15-16 | 5,6,7 ഇനങ്ങൾ. 343.50ച.മീറ്റർ ഡബ്ല്യൂ.ബി.എം സർഫസ് | 7 ബാരൽ 255785 | 1750 | ബിൽ നമ്പർ– 13/15-16 /31.3.16- 255785 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പുറക്കാട് ഗ്രാമ പഞ്ചായത്ത്- കോടംകേരി- ചെമ്പുതറ റോഡ് മെറ്റലിംഗ് ടാറിംഗ്- പ്രോജക്ട്- 30/15 | ശ്രീ.ബൈജു.വി 35/15-16 | 11,12,13 ഇനങ്ങളിലായി ആകെ 813 ച.മീറ്റർ ഡബ്ല്യു.ബി.എം സർഫസ് | 12 ബാരൽ, ആകെ മൂല്യം. 644945 | 3000 | ബിൽ നമ്പർ– 18/15-16 /31.3.16 - 472456 |
| 3 | അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്- മാധവമുക്ക് കുരിശടി റോഡ് ടാറിംഗ്. s0026/16 | ബൈജു.വി 25/15-16 | 6,7,8 ഇനങ്ങളിലായി ആകെ 1058.8 ച.മീറ്റർ ഡബ്ല്യു.ബി.എം സർഫസ് | 21 ബാരൽ ആകെ മൂല്യം. 645056 | 5250 | 5/15-16/ 20.2.16, 645056 |
| 4 | പുന്നപ്ര വടക്ക് പഞ്ചായത്ത്- തൈവേലിക്കകം ശാസ്താംകൽ റോഡ് മെറ്റലിംഗം ടാറിംഗം 29/16 | സുനിൽകുമാർ.പി.വി 33/15-16 | 10,11,12 ഇനങ്ങളിലായി ആകെ $480m^2$ | 9 ബാരൽ ആകെ മൂല്യം. 698329 | 2250 | 15/15-16/ 31.3.16, 620745 |
| 5 | കളിത്തട്ട് മാതുരചിറ റോഡ് മെറ്റലിംഗം ടാറിംഗം, 18/16 | വി.ബൈജു 34/15-16 | 10,11,12 ഇനങ്ങളിലായി ആകെ $480m^2$ | 9 ബാരൽ ആകെ മൂല്യം. 576334 | 2250 | 19/15-16/ 31.3.16 576334 |
| ആകെ | | | | | 14500 | |

മേൽ സൂചിപ്പിച്ച വിധം ടാർ വീപ്പയുടെ വിലയിനത്തിൽ നഷ്ടമായ 14500 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

ഇല്ല.

### 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ജില്ലാ പഞ്ചായത്ത് | 881882 | 2014-15 | 12312654 | 13194536 | ഐ.എ.വൈ | 10330325 | 2864211 |
| ഗ്രാമ പഞ്ചായത്ത് | 11511951 | 2014-15 | 8395993 | 19967944 | ഐ.എ.വൈ | 7103437 | 12804507 |
| ജില്ലാ പഞ്ചായത്ത് | 2864211 | 2015-16 | 5516000 | 8380211 | ഐ.എ.വൈ | 0 | 8380211 |
| ഗ്രാമ പഞ്ചായത്ത് | 12804507 | 2015-16 | 3057500 | 15862007 | ഐ.എ.വൈ | 0 | 15862007 |

**4-3.** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-4.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-5.** വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ.നം.268/10 തസ്വഭവ/ 23.01.2010 | 4601014 | 2083064 | 350000 | ഇല്ല | 1733064 |

**4-6.** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-7.** ഓഡിറ്റ് റിക്കവറി

ഇല്ല

**4-8.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

**4-9.** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2014-15 | 88679530 |
| | | 2015-16 | 97185400 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2014-15 | 89786137 |
| | | 2015-16 | 93253350 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16840 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 297170 | |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 2340 | ശ്രീ. കെ.കെ.പ്രസാദ്, എസ്.സി.ഡി.ഒ |
| 3-3(1,2,4,5) | | 9250 | ശ്രീ.അബ്ദുൾ റഹിം.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3(3) | | 5250 | ശ്രീ.എസ്.അപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 16840 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 297170 | ശ്രീ.പെന്റാലിയോൺ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 297170 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പെന്റാലിയോൺ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചമ്പക്കുളം ബ്ളോക്ക് പഞ്ചായത്ത് | കുട്ടുങ്കൽ വീട്, പുന്നപ്ര. പി.ഒ, ആലപ്പുഴ-688 004 |
| ശ്രീ.അബ്ദുൾ റഹിം. എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, പന്തളം | സഫാ മീനത്തേൽ, പുന്നക്കുളം, കെ.എസ്.പുരം പി.ഒ, കരുനാഗപ്പള്ളി. 690544 |

| | | |
|---|---|---|
| ശ്രീ.കെ.കെ.പ്രസാദ്, എസ്.സി.ഡി.ഒ | ലഭ്യമാക്കിയില്ല. | കണ്ടത്തിൽ ഹൗസ്, കിഴക്കേതിൽ, വലിയഴീക്കൽ. പി.ഒ, |
| ശ്രീ.എസ്.അപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.സബ് ഡിവിഷൻ, ആര്യാട് | ശ്രീശക്തി, കരുമം.പി.ഒ, തിരുവനന്തപുരം 695002 |

**4-9.** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96-- 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.2.01 |
| 98-99 | എൽ.എഫ്.എ7/688/00/15.02.01/16.2.01 |
| 1999-00 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26/65/14/21.3.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.9.06 |
| 2001-02 | എൽ.എഫ്.എ7/131/06/6.06.06/18.7.06 |
| 2002-03 | എൽ.എഫ്.എ7/229/07/9.05.07/4.6.07 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/4.6.07 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(66)/14/22.3.14 |

| | |
|---|---|
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(67)<br>/14/22.03.14 |
| 2006-07 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(68)/14/22.3.14 |
| 2007-08 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(69)/14 തീയതി,<br>22.03.14 |
| 2008-09 | എൽ.എഫ്.എ.ബി.പി 1291/10/31.03.11/30/4/11 |
| 2009-10 | എൽ.എഫ്.എ.ബി.പി 1292/10/31.03.11/30/4/11 |
| 2010-11 | എൽ.എഫ്.എ.ബി.പി 962/13/04.01.14 |
| 2011-12 | എൽ.എഫ്.എ.ബി.പി 962/13/04.01.14 |
| 2012-13<br>&13-14 | എൽ.എഫ്.എ.ബി.പി 1478/14/05.12.14 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി/ബി.പി-272/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ-0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 15.03.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

KSA-ALP/BP-272/2017

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date: 15.03.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ambalappuzha Block Panchayat in Alappuzha district for the year 2014-15, 2015-16 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Ambalappuzha Block Panchayat for the year 2014-15, 2015-16 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department, Alappuzha